**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3346** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങളുടെ നിർമ്മാണം സംബന്ധിച്ച ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി വേണമെന്ന നിലവിലെ സർക്കാർ ഉത്തരവ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മതി എന്ന് ഭേദഗതി വരുത്തി പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരം 73, 74 ഭരണഘടനാ ഭേദഗതിക്ക് ശേഷം ലഭിച്ചതിനാൽ ഈ ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകളെ പൂർണമായും ഏൽപ്പിക്കുന്നത് ഉചിതമായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഉത്തരവിൽ ഭേദഗതി വരുത്തിയത്. ഒരു പ്രദേശത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. |

സെക്ഷൻ ഓഫീസർ